സംവാദം

പി.എ നാസിമുദ്ദീൻ

### മഴവിൽലോകത്തെ ഇസ്‌ലാം

# ഇസ്‌ലാമികധാര എന്തുകൊണ്ട് പാർശ്വവത്കരിക്കപ്പെട്ടു?

**ഇസ്‌ലാമിന്റെ യുക്തിപരമായ ഒരു വായനയും ശാസ്ത്രീയമായ അപഗ്രഥനവുമായിരുന്നു മൗദൂദിയുടെ രചനകൾ. രൂപത്തിലുള്ള ഈ പുരോഗമന സ്വഭാവം തന്നെയാണ് മറ്റുള്ള യാഥാസ്ഥിതിക സംഘടനകളിൽനിന്ന് ഭിന്നമായി സിനിമ, സ്ത്രീ ശാക്തീകരണം, തുറന്ന സംവാദങ്ങൾ എന്നിവയിലേക്ക് ഇപ്പോൾ പ്രസ്ഥാനത്തെ നയിക്കുന്നതും.**

**ഇസ്‌ലാമിക** പ്രസ്ഥാനങ്ങൾക്കുള്ളിൽ നടന്നുകൊണ്ടിരിക്കുന്ന പുതിയ ദിശകളിലേക്കുള്ള അന്വേഷണം എന്ന നിലയിൽ സി.ദാവൂദ് തുടക്കമിട്ട 'മഴവിൽ ലോകത്തെ ഇസ്‌ലാം' എന്ന ചർച്ച സ്വാഗതാർഹമാണ്. അതീവ സങ്കീർണവും അതിതീവ്രവുമായ സാമൂഹിക വേഗങ്ങളിലൂടെയാണ് നാം കടന്നുപോകുന്നത്. ആഗോളവത്കരണ പ്രക്രിയയുടെയും ശാസ്ത്ര സാങ്കേതിക വിദ്യയുടെ വൻ കുതിപ്പിന്റെയും ഫലമായി സാമൂഹിക ബന്ധങ്ങളും ജീവിത പരിസരങ്ങളും അടിമുടി മാറിയിരിക്കുന്നു. ഇൻഫർമേഷൻ ടെക്നോളജിയുടെയും, അതി നൂതന കണ്ടുപിടുത്തങ്ങളുടെയും പ്രഭാവം സ്ഥലം, കാലം മുതലായ അടിസ്ഥാന പരികൽപനകളെ പോലും കുഴച്ചു മറിച്ചിരിക്കുന്നു. ഈ സന്ദർഭത്തിലാണ് ദൈനംദിനാനുഭവങ്ങളുടെ വെളിച്ചത്തിൽ പ്രതിസന്ധികൾ തുറന്നു പറയുകയും പുതിയ അന്വേഷണങ്ങളിലേക്ക് ഉറ്റുനോക്കുകയും ചെയ്യുന്ന ചിന്തകൾ പ്രസക്തമാവുന്നത്.

ഫ്യൂഡലിസത്തിൽനിന്ന് ജനാധിപത്യത്തിലേക്കും ക്രിസ്ത്യൻ മതാന്ധതയിൽനിന്ന് ശാസ്ത്ര യുക്തിയിലേക്കും ചരിത്രപരമായ സ്തംഭനത്തിൽനിന്ന് ചലനാത്മകതയിലേക്കുമുള്ള മാറ്റമായിരുന്നു ആധുനികത. തത്വചിന്തയിൽ ബേക്കണും ദെക്കാർത്തും, ശാസ്ത്രലോകത്ത് കോപർനിക്കസും ന്യൂട്ടനുമാണ് അതിനെ ത്വരിതപ്പെടുത്തിയത്. ഫ്രഞ്ചു വിപ്ലവം, ഇംഗ്ലണ്ടിലെ തൊഴിലാളി സമരങ്ങൾ എന്നിവ അതിന്റെ ചരിത്രത്തിലെ നാഴികക്കല്ലുകളായിരുന്നു. തികച്ചും യൂറോപ്യനും, എല്ലാം യുക്തിയുടെ വെളിച്ചത്തിൽ മാത്രം പരിശോധിക്കുകയും ചെയ്യുന്ന ഇത് ഇസ്‌ലാമിക രാഷ്ട്രങ്ങളടക്കം ദുർബല രാജ്യങ്ങളിലേക്ക് വ്യാപിച്ചത് കൊളോണിയലിസത്തിലൂടെയായിരുന്നു.

ഇസ്‌ലാമിന്റെ ആവിർഭാവം ലോകചരിത്രത്തിൽ അഭൂതപൂർവമായ സന്മാർഗവിപ്ലവത്തെ കെട്ടഴിച്ചുവിടുകയും, ആവിർഭാവത്തിനു ശേഷം ഏതാനും വർഷങ്ങൾക്കുള്ളിൽ അത് ലോകജനതയിൽ ഒരു വലിയ വിഭാഗത്തിന് ഉത്തുംഗമായ നാഗരികത കാഴ്ചവെക്കുകയും ചെയ്തു. ഖുർആൻ ദൈവേഛയെ വെളിവാക്കുകയും, പ്രവാചക ജീവിതം ദൈവവചനത്തിന്റെ ജീവിക്കുന്ന സാക്ഷാത്കാരമാവുകയും മുസ്‌ലിം ഉമ്മത്ത് ഒരു ആദർശ സമൂഹമായി രണ്ടിനെയും സംരക്ഷിക്കുകയും ചെയ്തു. ഇസ്‌ലാമിനകത്തുതന്നെയുണ്ടായ വ്യത്യസ്ത ചിന്താ ധാരകളെയും സാംസ്കാരിക പ്രവണതകളെയും ഈ അടിസ്ഥാന പ്രമാണങ്ങൾ വെച്ച് അപഗ്രഥിക്കാനും, തത്ത്വശാസ്ത്രം, നിയമം, സൂഫിസം, രാഷ്ട്രീയം എന്നിങ്ങനെ വ്യത്യസ്ത ഘടകങ്ങളെ സംയോജിപ്പിച്ച് കൊണ്ടുപോകാനും അതിനു കഴിഞ്ഞിരുന്നു.

അൽഫറാബി, അൽകിന്ദി, ഇബ്നുസീന മുതലായ ശാസ്ത്രജ്ഞരെയും റൂമി, ഫഖ്റുദ്ദീൻ അത്താർ മുതലായ സൂഫി കവികളെയും സംഭാവന ചെയ്യാൻ കഴിഞ്ഞത് ഇത്തരം തനിമ നിലനിർത്തിക്കൊണ്ടുള്ള ബഹു സാംസ്കാരികമായ ഇസ്‌ലാമിക പ്രക്രിയയിലൂടെയായിരുന്നു. എന്നാൽ സർഗാത്മകവും ചലനാത്മകവുമായ ഈ ഉത്തുംഗ നാഗരികത അതിന്റെ ഉദാത്തമായ വികാസത്തിനിടക്ക് ആഭ്യന്തരമായ രാഷ്ട്രീയ സമരങ്ങൾ കൊണ്ടും മുൻകൈക്കു വേണ്ടിയുള്ള പ്രത്യയശാസ്ത്രപരമായ കടന്നുകയറ്റം കൊണ്ടും ദുർബലമാവുകയാണ് ഉണ്ടായത്. തുടർന്ന് ഇസ്‌ലാമിക ദൈവശാസ്ത്രത്തിനുമേൽ നിയമസംഹിത മുൻകൈ നേടി. യുക്തിനിഷ്ഠത ഉപേക്ഷിക്കപ്പെട്ടു. അങ്ങനെ അതിന്റെ ചലനാത്മകത നഷ്ടമായി. പുതിയ ജീവിതപരിസരങ്ങൾക്കും ഈ നിയമസംഹിതകൾ മതിയാകുമെന്നും അല്ലാത്തതെല്ലാം ദൈവനിന്ദയും ദൈവനിഷേധവുമാണെന്നു വന്നു.

സർഗാത്മരഹിതമായ അനുകരണ മാതൃകകളിലൂടെ മുസ്‌ലിംസമൂഹം ചരിച്ചുകൊണ്ടിരുന്ന കാലത്താണ്, ചോദ്യം ചെയ്യാൻ പാടില്ലാത്തതായി ഒന്നും തന്നെയില്ല എന്ന രീതിയിൽ യുക്തിയെ സാർവലൗകികവത്കരിച്ചും പ്രകൃതിയെ കീഴടക്കി വിജയം കൈവരിക്കാനുള്ള ഇഛാ

ശക്തിയാർജിച്ചും ആധുനികത എന്ന പുത്തൻ അവബോധം കൊളോണിയലിസത്തിലൂടെ ഇന്ത്യയിൽ എത്തിച്ചേരുന്നത്. പിന്നീട് നമ്മുടെ സമൂഹത്തിൽ ഉണ്ടായ എല്ലാ മാറ്റങ്ങളും ഈ കൊളോണിയൽ ആധുനികതയുമായുള്ള സംഘർഷത്തിലൂടെയും സ്വാംശീകരണത്തിലൂടെയും ഉണ്ടായിത്തീർന്നതാണ്. ഇന്ന് നമ്മുടെ രാജ്യത്ത് കാണുന്ന ഒട്ടുമിക്ക രാഷ്ട്രീയ സംഘടനകളും ബീജാവാപം ചെയ്തത് കൊളോണിയൽ ആധുനികതയുമായുള്ള സംഘർഷം തീവ്രമായിത്തീർന്ന 1900 നും ഇന്ത്യൻ സ്വാതന്ത്ര്യത്തിനുമിടക്കുള്ള കാലയളവിലാണ്. സങ്കീർണവും വിഭിന്നവുമായ തലങ്ങളിലൂടെയാണ് ആധുനികത നമ്മുടെ രാജ്യത്തിന്റെ പഴയ ഘടനയിൽ പ്രവർത്തിച്ചത്. ഫ്യൂഡൽ ഘടനയെയും ജാതിവ്യവസ്ഥയെയും അത് ഇല്ലാതാക്കി. ആംഗ്ലോ രീതിയിലുള്ള നിയമവാഴ്ചകളും കോടതികളും സ്കൂളുകളും ജനപ്രാതിനിധ്യ സഭകളുമെല്ലാം ഇതിന്റെ ഉൽപന്നങ്ങളാണ്.

ഒരു മതമെന്ന രീതിയിൽ ക്ലിപ്തതയില്ലാത്ത ഹിന്ദുമതത്തിന് ആധുനികാവബോധത്തെ സ്വാംശീകരിക്കാൻ വേഗം കഴിഞ്ഞു. വിവേകാനന്ദനെപ്പോലുള്ളവർ ജാതിവ്യവസ്ഥയെ പുഛരിച്ചുകൊണ്ട് ഹിന്ദുമതത്തെ വിശാലമാക്കി യൂറോപ്പിന്റെ മുന്നിൽ അവതരിപ്പിച്ചു. മഹാത്മാ ഗാന്ധി, ദയാനന്ദ സരസ്വതി, ആനിബസന്റ്, നാരായണഗുരു, പെരിയോർ എന്നിങ്ങനെ ഹിന്ദുമതത്തിന്റെ വ്യത്യസ്ത തലങ്ങളിൽനിന്ന് വ്യത്യസ്ത പ്രതികരണങ്ങൾ ഉളവായി. ക്രിസ്തുമതം ആധുനികതക്കനുസരിച്ച് മുമ്പേ ഉദ്ഗ്രഥനം ചെയ്യപ്പെട്ട ഒന്നായതിനാലും കൊളോണിയൽ ഭരണാധികാരികൾ അവർക്ക് സഹായങ്ങൾ നൽകിയിരുന്നതിനാലും ക്രിസ്തുമതത്തിന് ഈ പുതിയ പരിവർത്തനദശ സംഘർഷാത്മകമായിരുന്നില്ല.

മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം ആധുനികതയുമായുള്ള ഇടപെടൽ തികച്ചും ശത്രുതാപരമായിരുന്നു. ഇംഗ്ലീഷ് ഭാഷയെ വർജിച്ചും പുതിയ ലോകസാഹചര്യങ്ങളെ ചെകുത്താന്റെ വ്യവസ്ഥയായി വിശേഷിപ്പിച്ചും ചെറിയ ഇടങ്ങളിലേക്ക് ഉൾവലിയുകയാണ് അവർ ചെയ്തത്. കൊളോണിയൽ ആധുനികത ഇസ്‌ലാമിക ജീവിതത്തിലുണ്ടാക്കിയ പ്രത്യാഘാതങ്ങൾ സാമുദായികാടിസ്ഥാനത്തിലുള്ള പുനഃക്രമീകരണമായും (ജിന്നയുടെ മുസ്‌ലിംലീഗ്), ഇസ്‌ലാമിന്റെ ശുദ്ധി വീണ്ടെടുക്കാനുള്ള പരിഷ്കരണ പ്രസ്ഥാനങ്ങളായും (വഹാബി പ്രസ്ഥാനം, തബ്‌ലീഗ്), ഇസ്‌ലാമിനെ ഒരു പ്രത്യയശാസ്ത്രമായി അവതരിപ്പിക്കുന്ന ജീവിത വ്യവസ്ഥയായും (ജമാഅത്ത്), പൗരോഹിത്യവും അന്ധവിശ്വാസവും കൊടികുത്തി വാഴുന്ന പാരമ്പര്യ പ്രസ്ഥാനങ്ങളായും പ്രത്യക്ഷപ്പെട്ടു. ഇവയെല്ലാം ആധുനികതയുടെ വളർച്ചയെ പ്രതിരോധിക്കുന്നവയും പൊതുധാരയിൽനിന്ന് പാർശ്വവത്കരിച്ചു നിൽക്കാൻ ആഗ്രഹിക്കുന്നവയും ആയിരുന്നു.

ഇസ്‌ലാമിക പ്രസ്ഥാനത്തിൽ (ജമാഅത്തെ ഇസ്‌ലാമി) അതിന്റെ ഉള്ളടക്കം ഇസ്‌ലാമിന്റെ പാരമ്പര്യ ധാര തന്നെയായിരുന്നെങ്കിലും രൂപം ആധുനികതയുടെ യുക്തി, ജനാധിപത്യം, സംവാദം എന്നീ ഘടകങ്ങൾ ഉൾക്കൊള്ളുന്നതായിരുന്നു. തഖ്‌ലീദ് (അനുകരണം) ഉയർത്തിപ്പിടിച്ചിരുന്ന മാമൂൽ മതഗ്രന്ഥങ്ങൾക്കിടയിൽ മൗലാനാ മൗദൂദിയുടെ ഗ്രന്ഥങ്ങൾ യുക്തിയെ ഉൾക്കൊള്ളുന്നതും എതിർവാദങ്ങളോട് സഹിഷ്ണുത പുലർത്തുന്നതും ആയിരുന്നു. ഇസ്‌ലാമിന്റെ യുക്തിപരമായ ഒരു വായനയും ശാസ്ത്രീയമായ അപഗ്രഥനവുമായിരുന്നു മൗദൂദിയുടെ രചനകൾ. രൂപത്തിലുള്ള ഈ പുരോഗമന സ്വഭാവം തന്നെയാണ് മറ്റുള്ള യാഥാസ്ഥിതിക സംഘടനകളിൽനിന്ന് ഭിന്നമായി സിനിമ, സ്ത്രീ ശാക്തീകരണം, തുറന്ന സംവാദങ്ങൾ എന്നിവയിലേക്ക് പ്രസ്ഥാനത്തെ നയിക്കുന്നതും.

മൗദൂദിയുടെ സിദ്ധാന്തത്തിന്റെ ഉള്ളടക്കം സെക്യുലർ ഡെമോക്രാസിയുടെ കാലത്ത് കുറേകൂടി തീവ്രത പ്രകടിപ്പിച്ചിരുന്നു എന്നു കാണാം. ഇസ്‌ലാമിക പാരമ്പര്യത്തെ പുനർജീവിപ്പിക്കാനുള്ള മൗദൂദിയുടെ ശ്രമങ്ങൾ ചിലപ്പോൾ ഭൂതകാലത്തോട് കടുത്ത ആഭിമുഖ്യം പുലർത്തുന്നതും ഗസ്സാലിയുടെയും ഇബ്നു തൈമിയ്യയുടെയും ഏകാത്മകശൈലിയെ ഓർമിപ്പിക്കുന്നതുമായിരുന്നു. എന്നാൽ 1950-കളിൽ അദ്ദേഹം പാകിസ്താൻ തെരഞ്ഞെടുപ്പ് പ്രക്രിയയിൽ പങ്കാളിയാവുകയും ആധുനികതയുടെ സാങ്കേതിക വിദ്യകളെയും ഗുണങ്ങളെയും അംഗീകരിക്കുകയും ചെയ്തു.

ആധുനികത പേറുന്ന ഉപഭോഗസംസ്കാരം, മൂല്യരാഹിത്യം, ഇന്ദ്രിയസുഖത്തിലധിഷ്ഠിതമായ ജീവിത മാനദണ്ഡം, മത്സരവേഗം എന്നിവയെ നാം ചെറുക്കേണ്ടതിനോടൊപ്പം മതബോധങ്ങൾ പേറുന്ന കാർക്കശ്യം, യാഥാസ്ഥിതികത, നിശ്ചലത, ജാഡ്യം എന്നിവയെയും കൈയൊഴിക്കേണ്ടതുണ്ട്.

ഇസ്‌ലാമിക ചിന്തക്ക് വന്നുപെട്ട ചരിത്രപരമായ നിശ്ചലതയെ മറികടക്കാനും ആധുനികതയുമായി പ്രയോജനക്ഷമമായി ഇടപെടാനും ഇസ്‌ലാമിക ലോകത്തുനിന്നുതന്നെ ഒട്ടേറെ ചിന്തകർ ശ്രമിച്ചിരുന്നതായി കാണാം. പാശ്ചാത്യ ചിന്തകരെ അനുകരിച്ചുകൊണ്ടുള്ള അല്ലാമാ ഇഖ്ബാലിന്റെ തത്ത്വചിന്ത ഇതിന് നല്ല ഉദാഹരണമാണ്. ഇസ്‌ലാമിനെ ഒരു മൂല്യവ്യവസ്ഥയായി അംഗീകരിച്ചുകൊണ്ടുതന്നെ, അതിന്റെ മൗലികാശയങ്ങൾ കൈവെടിയാതെ, വിശദാംശങ്ങളിൽ നയപരമായ വ്യതിയാനങ്ങൾ സ്വീകരിക്കുന്ന മൗലാനാ അബുൽ കലാം ആസാദ് തൊട്ട് അസ്ഗർ അലി എഞ്ചിനീയർ വരെയുള്ളവരുടെ ഒരു ധാരയുമുണ്ട്.

ആധുനിക ജീവിതാവബോധവുമായുള്ള ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ അകൽച്ച ഏറ്റവും കൂടുതൽ പ്രതിഫലിക്കുന്നത് സാഹിത്യ സാംസ്കാരിക രംഗത്താണ്. അനേകം സ്വതന്ത്ര വീക്ഷണങ്ങൾ അരങ്ങുവാണിരുന്ന സാംസ്കാരിക ലോകത്ത് ആധുനികതയുമായി ഇണങ്ങി നിൽക്കാൻ കഴിഞ്ഞിരുന്ന സാഹിത്യകാരനായ വക്കം അബ്ദുൽ ഖാദിർ, സി.എൻ അഹ്മദ് മൗലവി തുടങ്ങിയവർക്ക് പൊതുസമൂഹത്തിൽ സ്വന്തമായി ഒരിടം ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞിരുന്നു. ഹിന്ദുമതത്തിന്റെ വിശാലമായ നിരയിൽ നിന്നുകൊണ്ട് ഹിന്ദു സന്യാസികളായ നിത്യചൈതന്യയതിക്കും വാഗ്ഭടാനന്ദനും ഇതുതന്നെ സാധിച്ചു. ഫാദർ വടക്കനും മാർ പൗലോസുമാരുമൊക്കെ മുഖ്യധാരയിൽ വിപ്ലവവീര്യം പേറുന്ന ക്രിസ്ത്യൻ പുരോഹിതരായിരുന്നു. എന്നാൽ കേരളീയ സാംസ്കാരിക ലോകത്ത് ചലനങ്ങളുണ്ടാക്കുന്ന ഒരു പ്രതിഭാശാലിയെ/കലാകാരനെ/ സാഹിത്യകാരനെ സംഭാവന ചെയ്യാൻ എന്തുകൊണ്ട് ഇസ്‌ലാമിക പ്രസ്ഥാനത്തിനു കഴിഞ്ഞില്ല? എം.എൻ വിജയനും എം.വി ദേവനുമൊക്കെയൊപ്പം ചേർത്തുവെക്കാവുന്ന തലച്ചോറുകൾ പ്രസ്ഥാനത്തിനകത്തുണ്ടായിട്ടും അവരെല്ലാം എന്തുകൊണ്ട് പാർശ്വവത്കരിക്കപ്പെട്ടു? ■